വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണം അദാനി ഗ്രൂപ്പിനെ ഏൽപ്പിച്ച നടപടി

57(5642) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണം അദാനി ഗ്രൂപ്പിനെ ഏൽപ്പിക്കാൻ "ലെറ്റർ ഓഫ് അവാർഡ് " പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ എക്കണോമിക് സോൺ ലിമിറ്റഡിന് ലെറ്റർ ഓഫ് അവാർഡ് 13-7-2015-ന് നൽകിയിട്ടുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

58(5643) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത് ;

(ബി) തുറമുഖത്തിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തുറമുഖ പദ്ധതി ആരംഭിക്കുന്നതിന് സർക്കാരും അദാനി പോർട്ട്സ് & സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡും തമ്മിൽ കൺസഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കണം. കൺസഷൻ എഗ്രിമെന്റ് 2015 ആഗസ്റ്റ് മാസം 17-ാം തീയതിയാണ് ഒപ്പുവയ്ക്കാൻ തീരുമാനിച്ചിരിക്കുന്നത്. അതിനുശേഷമാണ് കരാർ പ്രകാരമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്.

(ബി) കൺസഷൻ എഗ്രിമെന്റ് ഒപ്പുവച്ചതിനുശേഷം ആറു മാസത്തിനുള്ളിൽ ഫിനാൻഷ്യൽ ക്ലോഷർ ചെയ്യണമെന്നാണ് വ്യവസ്ഥ. ഇതിനുശേഷം നാല് വർഷത്തിനുള്ളിൽ ആദ്യഘട്ട നിർമ്മാണം പൂർത്തീകരിക്കണം.

വിഴിഞ്ഞം പദ്ധതിക്കായി പ്രത്യേക കമ്പനി

59(5644) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പദ്ധതിക്കായി പൊതു സ്വകാര്യ പങ്കാളിത്തമുള്ള പ്രത്യേക കമ്പനി രൂപീകരിക്കാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്ന് എന്നാണ് അനുമതി വാങ്ങിയതെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കമ്പനി ഇതിനകം രൂപീകരിച്ചുവോ ; ഇല്ലെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ;

(സി) പദ്ധതിക്കായി രൂപീകരിക്കുന്ന പ്രത്യേക കമ്പനിയിൽ ആരെല്ലാമാണ് അംഗങ്ങളെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പൊതു സ്വകാര്യ പങ്കാളിത്തമുള്ള പ്രത്യേക കമ്പനി വിഴിഞ്ഞം പദ്ധതിയ്ക്കായി രൂപീകരിക്കേണ്ടതില്ല. തെരഞ്ഞെടുത്ത പങ്കാളിക്ക് ലെറ്റർ ഓഫ് അവാർഡ് നൽകുന്നതിനാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനിൽനിന്നും അനുവാദം വാങ്ങിയിട്ടുള്ളത്. തുറമുഖ പദ്ധതി ആരംഭിക്കുന്നതിന് സർക്കാരും കൺസഷനയറായ അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ എക്കണോമിക് സോൺ രൂപീകരിക്കാൻ പോകുന്ന സ്പെഷ്യൽ വെഹിക്കിൾ കമ്പനിയും തമ്മിൽ കൺസഷൻ എഗ്രിമെന്റ് ഒപ്പിടേണ്ടതാണ്. കരാർ പ്രകാരമുള്ള പ്രാരംഭ പ്രവർത്തനങ്ങൾ അതിനുശേഷമേ ആരംഭിക്കുവാനാകൂ.

(സി) കരാർ പ്രകാരം സംസ്ഥാന സർക്കാർ തുറമുഖത്തിന്റെ ലൈസൻസറും ലാൻഡ് ലോർഡുമാണ്. അതുകൊണ്ട് പദ്ധതിക്കായി കൺസഷനയർ രൂപീകരിക്കുന്ന സ്പെഷ്യൽ പർപ്പസ് കമ്പനിയിൽ സംസ്ഥാന ഗവൺമെന്റിന് ഓഹരി പങ്കാളിത്തമില്ല. ആയതിനാൽ സർക്കാർ പ്രതിനിധികൾ അംഗങ്ങൾ അല്ല.

തുറമുഖങ്ങൾ ഓൾ വെതർ പോർട്ടായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി

60(5645) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തുറമുഖങ്ങൾ ഓൾ വെതർ പോർട്ടായി വികസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly